(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നതിന്റെ മാനദണ്ഡം

1038. [1541] ശ്രീ. ടി. വി. വിജയ രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നത് എന്ത് അടിസ്ഥാനത്തിലാണ് ;

(ബി) പ്രസ്തുത മാനദണ്ഡം എല്ലാ കമ്പനിക്കാർക്കും ബാധകമാണോ ;

(സി) ഈ മാനദണ്ഡം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുമോ ;

(ഡി) ഇങ്ങനെ പ്രദർശിപ്പിക്കുന്ന വിവരം കേരളത്തിലെ എല്ലാ പ്രധാന പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) വിൽപ്പന സാദ്ധ്യത മാനദണ്ഡമാക്കിയാണ്.

(ബി) ബാധകമാണ്.

(സി, ഡി) പ്രദർശിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ലാഭവിഹിതം

1039. [1542] ശ്രീ. ടി.വി. വിജയ രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ലാഭവിഹിതം എല്ലാത്തരം മദ്യത്തിൽ നിന്നും ഒരേകണക്കിനാണോ ലഭിക്കുന്നത് ;

(ബി) ഏതെങ്കിലും ബ്രാൻഡ് വാങ്ങി വിൽക്കുന്നതുകൊണ്ട് കോർപ്പറേഷന് നഷ്ടമുണ്ടാകുന്നുണ്ടോ ;

(സി) ഗവൺമെന്റ് ഉടമയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഇ) മദ്യം വിറ്റുതീരുന്നതനുസരിച്ച് ബില്ലിന്റെ തുക കൊടുക്കുകയുള്ളൂ എന്ന വ്യവസ്ഥ ഉണ്ടോ ;

(എഫ്) ഇത് എല്ലാവർക്കും ബാധകമാണോ ?

ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി, ഡി) സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നവിധം കടയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശമുണ്ട്.

(ഇ) വേഗം വിറ്റു തീരാത്ത ഉൽപ്പന്നങ്ങൾക്ക് വിറ്റുതീർന്നതിനു ശേഷമേ തുക നൽകാറുള്ളൂ.

(എഫ്) അല്ല.

LIBRARY ARCHIVES Kerala Legislative Assembly